# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4870　　　18.12.2014-ൽ മറുപടിക്ക്**

**ദേശീയപാത വികസനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ<br>,, ഇ.കെ.വിജയൻ<br>,, ജി.എസ്.ജയലാൽ<br>,, പി.തിലോത്തമൻ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ദേശീയപാത വികസനത്തിനുള്ള പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയതെപ്പോഴാണ്; പാതയുടെ അലൈൻമെന്റിന് രൂപം നൽകിയിട്ട് എത്ര കാലമായി; | (എ) സംസ്ഥാനത്തെ ദേശീയപാത വികസനത്തിനാവശ്യമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയത് ദേശീയപാതാ വികസന അതോറിറ്റിയാണ്. പ്രസ്തുത ഏജൻസിയിൽ നിന്നും പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയ കാലയളവിനെക്കുറിച്ച് ലഭിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>I. a) ദേശീയപാത 47 ൽ ചേർത്തല മുതൽ ഓച്ചിറ വരെയും (കി.മീ.379/100 മുതൽ കി.മീ. 465/000 വരെ) ഓച്ചിറ മുതൽ തിരുവനന്തപുരം വരെയും (കി.മീ. 465/000 മുതൽ കി.മീ. 551/900 വരെ) നാലുവരിപ്പാതയാക്കുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കിയത് 08.03.2010 ലാണ്.<br>b) കഴക്കൂട്ടം മുതൽ കേരള-തമിഴ്നാട് അതിർത്തി വരെ (കി.മീ 0/100 മുതൽ കി.മീ 43/000 വരെ) ബൈപ്പാസിന്റെ നിർമ്മാണത്തിന് ഡി.പി.ആർ തയ്യാറാക്കിയത് 25.04.2008 ൽ ആണ്.<br>II. ദേശീയപാത 17 ൽ ഇടപ്പള്ളി വരെ ദേശീയപാത വികസനത്തിനുള്ള |

പ്രോജക്ട് റിപ്പോർട്ടുകൾ 2007 ലാണ് തയ്യാറാക്കിയത്.

III. ദേശീയപാത 47 ൽ വാളയാർ മുതൽ മണ്ണുത്തി വരെ 4/6 വരിപ്പാതയാക്കുവാൻ ഡി.പി.ആർ തയ്യാറാക്കിയത് 2006 ൽ ആണ്.

IV. ദേശീയപാത 47 ൽ തൃശ്ശൂർ മുതൽ അങ്കമാലി വരെ നാലുവരിപ്പാതയാക്കുവാനും അങ്കമാലി മുതൽ ഇടപ്പള്ളി വരെയുള്ള ദേശീയപാതയുടെ നവീകരണത്തിനുമായി ഡി.പി.ആർ തയ്യാറാക്കിയത് 2005 ലാണ്.

(ബി) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് വിവിധ ഭാഗങ്ങളിലായി എത്ര ആഫീസുകൾ സ്ഥാപിച്ചുവെന്നും ഇതുവരെ എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് സ്ഥാപിച്ച ഓഫീസുകളുടേയും തസ്തികകളുടേയും വിവരങ്ങൾ അടങ്ങിയ ഉത്തരവുകൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.

(സി) വികസനം എത്ര കാലം കൊണ്ട് പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്;

(സി) മണ്ണുത്തി മുതൽ അങ്കമാലി വരെ 4 വരിപ്പാതയാക്കുന്നതും അങ്കമാലി മുതൽ ഇടപ്പള്ളി വരെ നവീകരണം നടത്തുന്നതും 04.12.2011 ൽ പൂർത്തിയാക്കിയിട്ടുണ്ട്. വടക്കഞ്ചേരി മുതൽ മണ്ണുത്തി വരെ 6 വരിപ്പാതയാക്കൽ 31.03.2016 ൽ പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു. ദേശീയപാത 47 ൽ വാളയാർ മുതൽ വടക്കഞ്ചേരി വരെ നാലുവരിപ്പാതയാക്കുന്നത് 13.11.2015 ൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്. ദേശീയപാത 47 ൽ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള നാലുവരിപ്പാതയുടെ നിർമ്മാണത്തിന് ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. മുക്കോല മുതൽ തമിഴ്നാട് അതിർത്തി വരെയുള്ള ഭാഗത്തെ സ്ഥലം ഏറ്റെടുത്ത് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ നടന്നു കൊണ്ടിരിക്കുന്നു. ദേശീയപാതയ്ക്കു വേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടികൾ അനിശ്ചിതമായി നീണ്ടു പോയതിനാൽ ദേശീയപാത

17 ലെ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ദേശീയപാത 47 ലെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുമുള്ള ഭാഗത്തെ ദേശീയ പാത വികസനത്തിൽ നിന്നും ദേശീയ പാത അതോറിറ്റി പിൻവാങ്ങിയിരുന്നു. ഈ തീരുമാനം റദ്ദ് ചെയ്യുന്നതിന് ആവശ്യമായ നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് ബഹു.മുഖ്യമന്ത്രി 30.10.2014 ൽ ബഹു.കേന്ദ്ര റോഡ് ഗതാഗത വകുപ്പ് മന്ത്രിയ്ക്ക് കത്തയച്ചിട്ടുണ്ട്. കൂടാതെ 02.12.2014 ൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം സെക്രട്ടറിയ്ക്കും ഇതേ ആവശ്യം ഉന്നയിച്ച് ചീഫ് സെക്രട്ടറി കത്തയച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്